# പ്രവർത്തന മികവിനുള്ള അവാർഡ് ശോഭ ഡെവലപ്പേഴ്സിന്

**കൊച്ചി:** പ്രവർത്തന മികവിനുള്ള ഈ വർഷത്തെ റിയാലിറ്റി പ്ലസ് എക്സലൻസ് അവാർഡുകൾ ശോഭ ഡെവലപ്പേഴ്സിനു ലഭിച്ചു. റിയൽ എസ്റ്റേറ്റ് മേഖലയ്ക്കു മികച്ച സംഭാവന നൽകിയ ശോഭ ഡെവലപ്പേഴ്സ് ചെയർമാൻ പി.എൻ.സി. മേനോന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി. ശോഭ ഡെവലപ്പേഴ്സ് മാനേജിങ് ഡയറക്റ്റർ ജെ.സി. ശർമയ്ക്ക് മികച്ച പ്രവർത്തനം കാഴ്ച വച്ച സിഇഒയ്ക്കുള്ള അവാർഡും ലഭിച്ചു. ബംഗളൂരുവിൽ നടന്ന ചടങ്ങിൽ കർണാടക സംസ്ഥാന ആഭ്യന്തര ഗതാഗത വകുപ്പ് മന്ത്രി ആർ. അശോക് അവാർഡുകൾ സമ്മാനിച്ചു. മലയാളിയായ പി.എൻ.സി മേനോൻ 1995ലാണ് ബംഗളൂരു ആസ്ഥാനമായി ശോഭ ഡെവലപ്പേഴ്സ് തുടങ്ങിയത്.




ആജീവനാന്ത സേവനങ്ങൾക്കുള്ള അവാർഡ് പിഎൻസി മേനോന് വേണ്ടി ശോഭാഡവലപ്പേഴ്സ് വൈസ് ചെയർമാൻ രവിമേനോൻ ഏറ്റുവാങ്ങുന്നു